പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1863 — 17-12-2012 -ൽ മറുപടിക്ക്.

## മദ്യനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ച മദ്യനയം നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ, സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിലെ ചില കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയുടെ വിധി എന്തായിരുന്നു; വിശദമാക്കുമോ;<br>(സി) മദ്യനയത്തിലെ ഏതെല്ലാം വ്യവസ്ഥകൾ കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്; | (ബി)-യും, (സി)-യും.<br>സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ, ബഹു. ഹൈക്കോടതി റദ്ദ് ചെയ്ത കാര്യങ്ങൾ താഴെ ചേർക്കുന്നു.<br>1. പുതുതായി, ത്രീസ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കില്ലെന്ന തീരുമാനം.<br>2. പുതിയ ബാർ ഹോട്ടലുകൾ അനുവദിക്കുമ്പോൾ, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, കോർപ്പറേഷനുകളിൽ ഒരു കിലോമീറ്ററിനുള്ളിലും വേറൊരു ബാർ ഹോട്ടൽ പാടില്ലെന്നുള്ള നിബന്ധന.<br>3. ബാറുകളുടെ പ്രവർത്തനസമയം 3 മണിക്കൂർ കുറച്ചപ്പോൾ, പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും വ്യത്യസ്ത സമയങ്ങൾ നിശ്ചയിച്ചത് പുന:പരിശോധിച്ച് ഏകീകൃത സമയക്രമം നിശ്ചയിക്കുന്നത് പരിശോധിക്കാൻ ബഹു. കേരള ഹൈക്കോടതി നിർദ്ദേശിച്ചു. |
| (ഡി) തെറ്റായ മദ്യനയം തിരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) സർക്കാരിന്റെ മദ്യനയത്തിനെതിരെ, ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ സർക്കാർ, ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തിട്ടുണ്ട്. ആയതിലെ വിധിക്കായി കാക്കുകയാണ്. |

സെക്ഷൻ ആഫീസർ